## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 660** **28.02. 2017 ൽ മറുപടിക്ക്**

### മീറ്റർ റീഡർമാരുടെ ഒഴിവുകൾ

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;<br><br>(ബി) അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;<br><br>(സി) ശേഷിക്കുന്ന ഒഴിവുകൾ കൂടി അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഡി) ഐ.എം.എം. നടത്തിയ ഏതെങ്കിലും പഠനത്തിന്റെ വെളിച്ചത്തിൽ മീറ്റർ റീഡർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ? | (എ) 551 ഒഴിവുകൾ ഉണ്ട്<br><br>(ബി),(സി) & (ഡി) റിപ്പോർട്ട് ചെയ്തിട്ടില്ല. വൈദ്യുതി ബോർഡിലെ വിവിധ തസ്തികകൾ പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം നടത്തിയ പഠന റിപ്പോർട്ട് അനുസരിച്ച് മീറ്റർ റീഡർ തസ്തികയിലും മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. മീറ്റർ റീഡിംഗിന് പി.ഡി.എ (PDA) നടപ്പാക്കിയ സാഹചര്യത്തിൽ മീറ്റർ റീഡർമാരുടെ ജോലി ഭാരത്തിൽ വന്ന കുറവ് അനുസരിച്ച് വർക്ക് നോം പുന:ക്രമീകരിക്കേണ്ടതുമുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് ഒഴിവുകൾ പുനർ നിശ്ചയിച്ച ശേഷം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ